# പ്രബോധകന് പ്രതിസന്ധികളില്ല!

എം. എം. അക്ബർ

മണിയപ്പന്റെ മരണവാർത്ത വായിച്ചത് ട്രെയിനിൽ വെച്ചാണ്. പലരും വാർത്ത ഉച്ചത്തിൽ വായിക്കുകയും ഇസ്‌ലാമിക ഭീകരവാദികളെ കുറ്റപ്പെടുത്തുകയും ചെയ്യുന്നുണ്ടായിരുന്നു. ചിലരെല്ലാം എന്നെ ഉദ്ദേശിച്ചു കൊണ്ടുതന്നെ കുത്തിപ്പറയുന്നുണ്ടായിരുന്നു. 'ഭീകരവാദത്തിന്റെ അടയാളമായ' താടി എന്റെ മുഖത്തുമു ണ്ടല്ലോ?

ഇത്തരം സന്ദർഭങ്ങൾ പരീക്ഷണങ്ങളാണെന്ന് തരിച്ചറിയേണ്ടവരാണ് പ്രബോധകന്മാർ. ചുറ്റുമിരിക്കുന്നവർ ക്കിടയിൽ ഒറ്റപ്പെട്ടുപോവുന്നതു മൂലമുണ്ടാവുന്ന അപകർഷതാബോധത്തോട് എങ്ങനെ പ്രതികരിക്കുന്നു വെന്നത് പ്രധാനപ്പെട്ട ഒരു പരീക്ഷണം തന്നെയാണ്. മുസ്‌ലിമായിപ്പോയതിൽ തന്നെ അപകർഷത തോന്നി യേക്കാം. അതല്ലെങ്കിൽ ഇസ്‌ലാമിന്റെ ചിഹ്നങ്ങൾ സ്വീകരിക്കേണ്ടി വന്നതിൽ ജാള്യത അനുഭവപ്പെട്ടേക്കാം. ഇത് ഒരു വശം. മറുവശത്താകട്ടെ ചിലപ്പോൾ വൈകാരികമായി പ്രതികരിക്കാൻ തോന്നിയേക്കാം. അതല്ലെ ങ്കിൽ വർഗീയമായി, വേട്ടക്കാരൻ സ്വന്തം വർഗത്തിൽപ്പെട്ടവനായിപ്പോയി എന്ന കാരണത്താൽ മാത്രം ന്യായീകരിക്കാൻ തുനിഞ്ഞേക്കാം. അ തൊന്നുമല്ലെങ്കിൽ നിശ്ശബ്ദനായി ഒരു സ്ഥലത്ത് ഒതുങ്ങിക്കൂടുവാ ൻ മനസ്സു മന്ത്രിച്ചേക്കാം. ഇതൊന്നും ശരിയായ നടപടിയല്ല. ഈ നടപടികൾക്കു വേണ്ടി നമുക്കു തോന്നു ന്നുവെങ്കിൽ നാം പിശാചിന്റെ പ്രലോഭനത്തിലാണെന്നാണ് അർഥം. പ്രസ്തുത പ്രലോഭനത്തിൽ നിന്ന് ര ക്ഷപ്പെടുന്നതിനാണല്ലോ നാം സദാസമയം പ്രാർഥിച്ചുകൊണ്ടിരിക്കുന്നത്.

ഏതു സന്ദർഭങ്ങളെയും അവസരങ്ങളായി കാണേണ്ടവരാണ് പ്രബോധകന്മാർ; ഇസ്‌ലാമിക പ്രബോധന ത്തിനുള്ള അവസരം. അങ്ങനെയാണ് പ്രവാചകന്മാകർ പഠിപ്പിച്ച മാതൃക. തനിക്കെതിരെ അരിശം തുള്ളി നിൽക്കുന്ന വിഗ്രഹാരാധകരോട് സൗമ്യമായി, അവരുടെ യുക്തിബോധത്തെ ഉദ്ദീപിപ്പിച്ചുകൊണ്ട് ബഹുദൈ ദവാരാധനയുടെ നിരർഥകതയെക്കുറിച്ച് പറഞ്ഞു കൊടുത്ത ഇബ്രാഹീം നബി(അ)യും സ്വപ്ന വ്യാഖ്യാ നം അന്വേഷിച്ചു വന്ന തടവുപുള്ളികളോട് പ്രസ്തുത അവസരം ഉപയോഗിച്ച് ഏകനും സർവാധിപതിയു മായ അല്ലാഹുവിന്റെ മാത്രം ആരാധ്യതയെപ്പറ്റി പ്രബോധനം ചെയ്ത യൂസുഫ് നബി(അ)യും മരണശയ്യ യിൽ കിടക്കുന്ന യൂദ പെൺകൊടിയോട് സത്യസാക്ഷ്യങ്ങളുടെ മഹത്വത്തെക്കുറിച്ച് ഉദ്ബോധിപ്പിച്ച മുഹ മ്മദ് നബി(സ)യുമെല്ലാം ഉദാഹരണങ്ങളാണ്. പ്രവാചകന്മാരെ മാതൃകയാക്കുന്നവരെ സംബന്ധിച്ചിടത്തോ ളം അവരുടെ ജീവിതത്തിലെ ഓരോ അവസരവും, അത് സംതൃപ്തമായ സാഹചര്യങ്ങളുടേതാണെങ്കിലും അല്ലെങ്കിലും സത്യമത പ്രബോധനത്തിന് ഉപയോഗപ്പെടുത്തുവാനുള്ള വേദികളാണ്. അങ്ങനെയാകു മ്പോൾ പിശാച് പരാജയപ്പെടുകയും നിരാശനാവുകയും ചെയ്യുമെന്നുറപ്പാണ്.

ഇസ്‌ലാം ഭീകരതയാണെന്ന് 'അനുഭവ'ങ്ങളിൽ നിന്ന് പഠിച്ചവരുടെ മുന്നിൽ അത് ഭീകരതയല്ലെന്ന ഗീർവാ ണപ്രസംഗം കൊണ്ട് മാത്രം കാര്യമുണ്ടെന്ന് തോന്നുന്നില്ല. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ ഇസ്‌ലാ മിന്റെ ചിഹ്നങ്ങൾ ധരിച്ചവർ ഏതു പക്ഷത്ത് നിൽക്കുന്നുവെന്ന് ശ്രദ്ധിക്കുന്നവരാണ് നമുക്ക് ചുറ്റുമുള്ളവർ. ഇരകളുടെ പക്ഷം നോക്കാതെ അവരോടൊപ്പം നിൽക്കണമെന്ന് പഠിപ്പിക്കപ്പെട്ടവരാണ് മുസ്‌ലിംകൾ. അക്ര മിക്കപ്പെട്ടവനെ അതിൽ നിന്ന് രക്ഷിച്ചും അക്രമിയെ അതിൽ നിന്ന് പിന്തിരിപ്പിച്ചും അക്രമിയെയും അക്രമി ക്കപ്പെടുന്നവനെയും സഹായിക്കണമെന്നാണ് മുസ്‌ലിംകളോടുള്ള പ്രവാചകന്റെ ഉപദേശം. അക്രമിക്കപ്പെ ടുന്നവന്റെ വിഭാഗം നോക്കി പ്രതികരണങ്ങൾ ചിട്ടപ്പെടുത്തുന്നവരല്ല ഇസ്‌ലാമിന്റെ ആളുകളെന്ന് ജനം അ റിയണം. ജനങ്ങളെ അറിയിക്കാനായി അങ്ങനെ ചെയ്യണമെന്നല്ല; പ്രവാചക നിർദേശം പാലിക്കാൻ നാം സന്നദ്ധമാവുമ്പോൾ ജനം അങ്ങനെ അറിഞ്ഞുകൊള്ളും. സമൂഹത്തിലുണ്ടാകുന്ന ആന്തോളനങ്ങൾക്കനു സരിച്ച് പ്രതികരിക്കേണ്ടവനല്ല; പ്രത്യുത, ഖുർആനിന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ ജീവിക്കേ

ണ്ടവനാണ് മുസ്‌ലിം എന്ന് തിരിച്ചറിയുകയും ആ തിരിച്ചറിവ് ജീവിതത്തിൽ പ്രതിബിംബിക്കുകയും ചെയ്യുമ്പോൾ നമ്മൾ ആരാണെന്ന് ജനത്തിന് ബോധ്യമായിക്കൊള്ളുമെന്ന് സാരം.

ഇസ്‌ലാം ഏറെ തെറ്റിദ്ധരിക്കപ്പെടുന്ന വർത്തമാനകാല സാഹചര്യത്തെ സൃഷ്ടിപരമായി ഉപയോഗിക്കുവാൻ പ്രബോധകർക്ക് കഴിയണം. എന്താണ് ഇസ്‌ലാമെന്നും എന്തുകൊണ്ടാണത് തമസ്കരിക്കപ്പെടുന്നതെന്നും വിശദീകരിക്കുവാൻ ഈ അവസരങ്ങൾ ഉപയോഗപ്പെടുത്തണം. നമ്മുടെ ഇസ്‌ലാമിക പ്രബോധനം ഒരു വർഗത്തിലേക്കുള്ള ക്ഷണമായി പരിമിതപ്പെട്ടു കൂടാ. മോക്ഷത്തിലേക്ക്, ശാശ്വത വിജയത്തിലേക്ക്, വിമോചനത്തിലേക്കുള്ള മാർഗമാണ് നാം കാണിച്ചു കൊടുക്കുന്നതെന്ന് നാം ഉറപ്പ് വരുത്തണം. ഖുർആനും സുന്നത്തും പഠിപ്പിക്കുന്ന, മുഹമ്മദ് നബി(സ)യിൽ നിന്ന് മതം പഠിച്ച ആദിമ തലമുറക്കാർ പ്രയോഗവത്കരിച്ച സാക്ഷാൽ ദൈവിക സരണിയിലേക്കാണ് നാം ജനത്തെ ക്ഷണിക്കേണ്ടത്. അങ്ങനെ ക്ഷണിക്കുന്നവർ ആ സരണിയുടെ വക്താവ് മാത്രമായാൽ പോരാ പ്രയോക്താവുകൂടിയാകണം. വർഗീയതയുടെ ലാഞ്ചനപോലും അനുവദിക്കാത്ത സരണിയാണതെന്ന് പറഞ്ഞാൽ മാത്രം പോരാ; നമ്മുടെ പ്രതികരണങ്ങളിലും വർത്തനങ്ങളിലുമെല്ലാം അത് തെളിഞ്ഞുകാണുകയും വേണം. അല്ലാഹു അനുഗ്രഹിക്കട്ടെ-ആമീൻ.